

In the Name of Allah, The Most Gracious, The Most Merciful

# FRIDAY SERMON

## Hazrat Amir'ul Momeneen Muhyi-ud-Din

### Munir Ahmad Azim

## (SURAH AL HUJURAT)

## (4th Part)

### 4th MARCH 2005

**"Innallaziina yunaaduunaka minw-waraaa-il HUJURAATI asksaruhum laa ya-qilum"**

ഹസ്രത് അമീറുൽ മുഅ്മിനീൽ മുഹ്യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) 2005 മാർച്ച് 4-ാം തീയതി വെള്ളിയാഴ്ച നടത്തിയ ജുംഅ്‌ ഖുത്തുബാ സംക്ഷിപ്തം

ജമാഅത്ത് അംഗങ്ങൾക്ക് സലാം ചൊല്ലി, തശ്ശഹ്ദ്, തഅവ്വ്ദ്, സൂറ ഫാത്തിഹ ഇവ ഓതിയ ശേഷം ഹസ്രത്ത് അമീറുൽ മുഅ്മിനീൽ മുഹ്യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) വിശുദ്ധഖുർആനിലെ 49-ാം അധ്യായമായ സൂറ അൽഹുജുറാത്തിലെ 5-ാം വചനം ഓതി അതിന്റെ അർത്ഥം വിശദമാക്കി.

(നീ താമസിക്കുന്ന) മുറികളുടെ പിന്നിൽ നിന്ന് നിന്നെ ഉച്ചത്തിൽ വിളിക്കുന്നവരിൽ അധികം പേരും ബുദ്ധി ഉപയോഗിക്കാത്തവരാണ്. (അധ്യായം 49:വചനം 5)

ഒരു ഭരണക്കൂടത്തിനും തങ്ങളുടെ അധീനതയിലുള്ള ഒരു പൗര ന്റെയും കാര്യത്തിൽ ചാരപ്രവർത്തനം നടത്താൻ അവകാശമില്ല എന്ന് പറഞ്ഞുകൊണ്ട് ഇന്ന് ഞാൻ ഈ ഖുത്തുബ തുടരുകയാണ്. ജനാധിപത്യ വിശ്വാസികൾ എന്നു അവകാശപ്പെടുകയും, മറുവശത്ത് അവർ, ഇസ്ലാമിൽ നിർബന്ധമായും വിലക്കപ്പെട്ടിരിക്കുന്ന ചാര പ്രവർത്തനം നടത്തുകയും ചെയ്യുന്നു. ഓരോ പൗരന്റേയും വ്യക്തി പരമായ കാര്യങ്ങളിൽ ന്യായമില്ലാതെ കൈ കടത്തുന്നതിനെ (ചാര വൃത്തി ചെയ്യുന്നതിനെ) ഇസ്ലാം ഒരിയ്ക്കലും അനുകൂലിക്കുന്നില്ല. അതുപോലെ തന്നെ വ്യക്തികളുടെ സ്വകാര്യജീവിതം ചുഴിഞ്ഞറിയാൻ വേണ്ടി നടത്തുന്ന ചാരപ്രവൃത്തിയെ ഇസ്ലാം വിരോധിക്കുകയും, വെറുക്കുകയും ചെയ്യുന്നു. ഒരാളുടെ വസതിയിൽ അദ്ദേഹ

ത്തിന്റെ അനുവാദമില്ലാതെ കടന്നുചെല്ലാൻ പാടുള്ളതല്ലെന്നും അസമയത്ത് വീട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നവിധത്തിൽ അവരെ സന്ദർശിക്കരുത് എന്നും വിശുദ്ധഖുർആൻ മുസ്ലിംകളെ പഠിപ്പിക്കുന്നു.

ഇസ്ലാം ചില സന്ദർഭങ്ങളിൽ ചെറിയ തോതിൽ വ്യക്തികളുടെ വിവരശേഖരണത്തിന് അനുമതി നല്കുന്നുണ്ട്. അത് പക്ഷേ, വ്യക്തമായ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും അടിസ്ഥാനമാക്കി മാത്രമാണ്. ഒഴിവാക്കനാവാത്ത സന്ദർഭങ്ങളിൽ വ്യക്തമായ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വ്യക്തിക്കോ, ഗവൺമെന്റിനോ ഒരു വ്യക്തിയുടെ സ്വകാര്യജീവിതം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

ഉദാഹരണമായി ബിസിനസ്സിൽ ഒരു പങ്കാളിയെ തേടുകയോ, അല്ലെങ്കിൽ ഒരു നിശ്ചിത കുടുംബത്തിൽ നിന്നും വിവാഹം കഴിയ്ക്കാനാഗ്രഹിക്കുകയോ ചെയ്യുന്ന ഒരാളുടെ കാര്യമെടുക്കാം. തീർച്ചയായും താൻ ബിസിനസ്സിൽ പങ്കാളിയാക്കുവാനുദ്ദേശിക്കുന്ന ആൾ വിശ്വസ്തനാണോ അല്ലയോ എന്ന് അന്വേഷിച്ചറിയുവാൻ അയാൾക്ക് അവകാശമുണ്ട്. അതുപോലെ താൻ വിവാഹം കഴിയ്ക്കാൻ ഉദ്ദേശിക്കുന്ന കുടുംബക്കാർ വിശ്വസിയ്ക്കാൻ കൊള്ളാവുന്നവരാണോ എന്നൊക്കെ അറിയാനും അയാൾക്ക് അവകാശമുണ്ട്. മുഹാദ്ദിതുൻ-ജെർഹ്-ഉം, തദീലും (Jarh & Tadil) ആണോ എന്നും നോക്കാറുണ്ട്. ഇത് ചെയ്യുന്നത്, ഹദീസ് റിപ്പോർട്ട് ചെയ്തിരിക്കുന്നവരുടെ വ്യക്തി ജീവിതം ആഴത്തിൽ വിശകലനം ചെയ്ത്, അവർ റിപ്പോർട്ട് ചെയ്തിരിക്കുന്ന ഹദീസുകളുടെ ആധികാരികതയെപറ്റി വ്യക്തമായ ധാരണയുണ്ടാക്കുന്നതിനു വേണ്ടിയാണ്. റിപ്പോർട്ട് ചെയ്തിരിക്കുന്ന ഒരു ഹദീസ് ശരിയാണോ, തെറ്റാണോ, അല്ലെങ്കിൽ ഏതെല്ലാമാണ് തെറ്റായി വ്യാഖ്യാനിച്ചത് എന്നൊന്നും അന്വേഷിയ്ക്കേണ്ട അത്യാവശ്യ സംഭവമല്ല. അതുപോലെ ദുർന്നടപ്പ് ശീലമാക്കിയ ഒരാളുടെ ജീവിതം സംബന്ധിച്ച വിവരശേഖരണം നടത്തുന്നതിന് ഇസ്ലാമിക ഭരണകൂടത്തിന് തീർച്ചയായും അവകാശമുണ്ട്. അയാളുടെ ജീവിതരീതി എങ്ങനെ? അയാൾ ഭാവിയിൽ ക്രൂരകൃത്യങ്ങളിൽ ഏർപ്പെടുമോ തുടങ്ങിയവ സംബന്ധിച്ച കാര്യ

ങ്ങളാണ് അന്വേഷണ വിധേയമാക്കുക. ഇത് മാറ്റി നിർത്തിയാൽ സമൂഹത്തിൽ ധാർമ്മിക മൂല്യങ്ങൾ വളർത്താനുള്ള പ്രവർത്തനങ്ങൾ നടത്തുക. തെറ്റുകളും, കുറ്റങ്ങളും, ദുഷ്പ്രവണതകളും ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ് ഒരു ഇസ്ലാമിക ഭരണകൂടത്തിന്റെ കടമകൾ. വിദ്യാഭ്യാസം, പ്രഭാഷണങ്ങൾ, ബോധവത്ക്കരണ ക്ലാസുകൾ, അതുപോലെയുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ സമൂഹത്തിലെ പൗരന്മാരിൽ ധാർമ്മികഗുണങ്ങൾ വളർത്തിയെടുക്കുന്നതിനും, അങ്ങനെ നേർപാതയിൽ ചരിക്കേണ്ടതിന്റെ ആവശ്യകതയെ അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. യുദ്ധത്തിൽ യുദ്ധം നിയന്ത്രണവിധേയമാക്കുന്നതിനും, ശത്രുപക്ഷത്തെപറ്റി കൂടുതൽ വിവരശേഖരണം നടത്തുന്നതിനും വേണ്ടിയോ, അല്ലെങ്കിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനോ ആയി ചാരപ്രവർത്തനം നടത്തുന്നത് അനുവദനീയമാണ്. അത്തരം ചാരപ്പണികൾ ഖുർആനിൽ പറഞ്ഞിരിക്കുന്ന തജസ്സസ് എന്ന വിഭാഗത്തിൽ വരുന്നില്ല.

കൂടുതൽ അപകടകരവും, പ്രശ്നങ്ങളും അപായങ്ങളും ഉണ്ടാക്കുന്ന മൂന്നാമത്തെ പാപമാണ് പരദൂഷണം. ഇതിന് തിരുനബി(സ)നല്കിയിരിക്കുന്ന നിർവ്വചനം നമ്മെ ഇരുത്തിചിന്തിപ്പിക്കും. പരദൂഷണത്തിന്റെ സ്വഭാവവും അതിന്റെ പരിണിതഫലവും സംബന്ധിച്ച് വിശദമാക്കിക്കൊടുക്കുവാനായി ഒരു സഹാബി തിരുനബി(സ)യോട് ആവശ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. തിരുനബി(സ)അരുളി.

അത് നിങ്ങൾ നിങ്ങളുടെ സഹോദരനെപറ്റി അവൻ കേൾക്കാൻ ഇഷ്ടപ്പെടാത്തത് പറയൽ ആകുന്നു.

അത്ഭുതപ്പെട്ടുപോയ സഹാബി പിന്നെയും ചോദിച്ചു

അത് സത്യമാണെങ്കിലും?

തിരുനബി(സ) മറുപടി പറഞ്ഞു.

ഇസ്ലാം മുസ്ലിംകൾക്കു പരസ്പരം മാത്രമല്ല, കുട്ടികളെപ്പറ്റിയും, മരിച്ചവരെപ്പറ്റിയും പരദൂഷണം പറയുന്നത് വിലക്കിയിരിക്കുന്നു. പരദൂഷണം വാക്കുകളാലും, ആംഗ്യങ്ങളാലും, പ്രവൃത്തികളാലും ഉണ്ടാകുന്നു.

ഇതിൽ, പരദൂഷണം പറയുന്നത് തന്റെ മരിച്ചുപോയ സഹോദരന്റെ മാംസംഭക്ഷിക്കുന്നതിനു തുല്യമായ നീചവും, അറപ്പുളവാക്കുന്നതുമായ ഒന്നാണെന്ന് വ്യക്തമാകുന്നു. ഇത് സൂചിപ്പിക്കുന്നത് നമ്മൾ ഒരു സഹോദരനെപറ്റി പരദൂഷണം പറയുമ്പോൾ അതിന്റെ ശരിയെയോ, ശരികേടിനെയോപറ്റി വാദിക്കാനും സ്വയം സംരക്ഷിക്കുവാനും ആ സഹോദരൻ അവിടെ ഇല്ല എന്നതാണ്. അത്തരം അറപ്പുളവാക്കുന്ന ഉപമ നല്കുക വഴി ഒരു വിശ്വാസിക്ക് പരദൂഷണം പറയുന്നതിൽ നിന്നും ഒഴിഞ്ഞു നില്ക്കുന്നതിനും, സ്വയം സംരക്ഷിക്കുന്നതിനുമുള്ള ഒരു ശീലം വളർത്തിയെടുക്കുവാനുള്ള അവസരം നല്കുകയാണ് ചെയ്തിരിക്കുന്നത്. താനൊരു ശവത്തിന്റെ മാംസം ഭക്ഷിക്കുകയാണ് എന്ന് പരദൂഷണം പറയാനാരംഭിക്കുന്ന വേളയിൽ അവൻ ചിന്തിക്കും സ്വയമറിയാതെ!

പരദൂഷണം പറയുകയായിരുന്ന രണ്ട് അനുചരന്മാരെ തിരുനബി(സ)ശക്തമായി വിലക്കുന്ന ഒരു സംഭവം ഞാൻ വിവരിക്കുകയാണ്. അത് പരദൂഷണസ്വഭാവത്തിന്റെ അങ്ങേയറ്റം മ്ലേച്ഛമായ ഒരു ചിത്രം നമുക്ക് നല്കും. ഈ സംഭവത്തിൽ, തിരുനബി(സ)യും കുറെ അനുചരന്മാരും ഒരു യാത്രാവേളയിലായിരുന്നു എന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. വഴി മദ്ധ്യേ തിരുനബി(സ) തന്റെ അനുചരന്മാരിൽ രണ്ടു പേർ മാഇസ് ഇബ്നു മാലിക് അസ്ലാമി (വ്യഭിചാരകുറ്റത്തിൽ മരണം വരെ കല്ലേറിയലിന് വിധേയനാക്കപ്പെട്ട ആൾ) എന്ന വ്യക്തിയെപ്പറ്റി പരദൂഷണം പറയുന്നത് കേൾക്കാനിടയായി. നിശ്ശബ്ദത പാലിച്ച് തിരുനബി(സ) മുന്നോട്ടു പോയി. വഴിയരുകിലായി ഒരു ചത്ത കഴുതയുടെ ശവശരീരം കണ്ടപ്പോൾ തിരുനബി(സ)തന്റെ വാഹനം അവിടെ നിർത്തി. അതിനുശേഷം, ആ രണ്ട് അനുചരന്മാരോട് ആ ചത്ത മൃഗത്തിന്റെ മാംസം കഴിയ്ക്കുവാൻ ആവശ്യപ്പെട്ടു. തിരുനബി(സ) പറഞ്ഞത് കേട്ട് അന്തംവിട്ടുപോയ അവർ തിരുമേനിയോട് പതിഞ്ഞ സ്വരത്തിൽ ഒരു ശവശരീരം കഴിയ്ക്കുന്നതെങ്ങനെ എന്നു ചോദിക്കുകയുണ്ടായി. തദവസരത്തിൽ, തിരുനബി(സ) ക്ഷുഭിതനായി ഇപ്രകാരം മറുപടി നല്കി.

ഞാൻ നിങ്ങളോട് ആവശ്യപ്പെട്ടതിനേക്കാൾ മ്ലേച്ഛമായ ഒരു

പ്രവൃത്തിയിലാണ്-നിങ്ങൾ നിങ്ങളുടെ കല്ലറിയലിനു വിധേയനായി മരണംവരിച്ച സഹോദരനെ മോശപ്പെടുത്തി സംസാരിക്കുക വഴി-നിങ്ങൾ ഏർപ്പെട്ടിരുന്നത്.

തിരുനബി(സ) പരദൂഷണം പറയുന്നവരോട് പ്രതികരിച്ച രീതിയും, അതിന്റെ തീവ്രത അവരെ മനസ്സിലാക്കിക്കൊടുക്കുവാൻ അദ്ദേഹം സ്വീകരിച്ച മാർഗ്ഗവും നാം ചിന്തയ്ക്ക് വിധേയമാക്കണം.

ഈ ഹദീസിൽ വ്യഭിചാരത്തെക്കാൾ നീചമായ ഒന്നായിട്ടാണ് പരദൂഷണത്തെ എടുത്തുകാണിച്ചിരിക്കുന്നത്. പരദൂഷണത്തെ മ്ലേച്ഛമായതും ഗൗരവമായതും ആയികാട്ടിയിരിക്കുന്നതിന്റെ കാരണം മനസ്സിലാക്കാൻ വലിയ ബുദ്ധിമുട്ടുന്നുമില്ല. വ്യഭിചാരത്തെക്കാൾ മോശമായ ഒന്നാണ് പരദൂഷണം എന്ന് താരതമ്യത്തിലൂടെ തിരുനബി(സ) എടുത്ത് കാണിച്ചത്. മുസ്ലിംകൾക്ക് ഒരു പ്രഹരചികിത്സ (Shocking therapy) നല്കാനും അതുവഴി പരദൂഷണമെന്ന ദുശ്ശീലത്തിൽ നിന്നും അവരെ അകറ്റിനിർത്തുവാനും വേണ്ടിയാണ്.

മറ്റൊരുവസരത്തിൽ, തിരുനബി(സ)പരദൂഷണത്തെ സംബന്ധിച്ച്-ആ വിഷയത്തിന്റെ പ്രാധാന്യത്തെകുറിച്ച് ഗഹനമായി സംസാരിക്കുകയും പരദൂഷണത്തെ അധർമ്മഗമനത്തോട് താരതമ്യം ചെയ്യുകയും ചെയ്തു.

ജാരസംഗമത്തിലും, പരസ്ത്രീഗമനത്തിലും പങ്കുണ്ടെന്ന് തെളിഞ്ഞ രണ്ടുപേർ വാസ്തവത്തിൽ അല്ലാഹുവിന്റെ കല്പനകളെ മറികടന്നിരിക്കുകയാണ്, ഇവിടെ ഹുഖുഖുൽ ഇബാദ് ഹുഖുഖുല്ല ഇവ പ്രാബല്യത്തിൽ വരുന്നു. തന്റെ കല്പനകളെ ലംഘിച്ചവന്, അല്ലാഹു ഇച്ഛിക്കുന്നുവെങ്കിൽ പൊറുത്തുക്കൊടുക്കും. പക്ഷേ, പരദൂഷണത്തിലേർപ്പെട്ടവന് ഈ പരിഗണന ഒരിയ്ക്കലും ലഭ്യമാകില്ല. ഇതിനുള്ള പ്രധാനകാരണം അവൻ തന്റെ സഹോദരനെപറ്റി പരദൂഷണം പറഞ്ഞപ്പോൾ ഈ ആരോപിതനായ വ്യക്തി, തന്നെ ഒരാൾ ഇങ്ങനെ മോശപ്പെടുത്തി സംസാരിക്കുന്നു എന്ന കാര്യം, അറിഞ്ഞിട്ടേയില്ല എന്നതാണ്. തിരുനബി(സ)യുടെ മിഅ്റാജ് യാത്രയെപ്പറ്റിയുള്ള ഒരു ഹദീസ് പരദൂഷണം നടത്തുന്നവർക്ക് പരലോകത്ത് ലഭിക്കാൻ പോകുന്ന വമ്പിച്ച ശിക്ഷയെപറ്റി വിശദമാക്കിയിരിക്കുന്നു. ശിക്ഷ സംബന്ധിച്ച ചോദ്യത്തിന് തിരുമേനി(സ) ഇപ്ര

കാരം മറുപടി നല്കുകയുണ്ടായി.

എന്റെ ദൈവം എന്നെ സ്വർഗ്ഗത്തിലേക്ക് നയിച്ചപ്പോൾ, ചെമ്പു കൊണ്ടുള്ള നഖങ്ങൾ ഉള്ള കുറെ ആൾക്കാരെ ഞാൻ കാണുകയുണ്ടായി. അവർ ആ നഖങ്ങൾ ഉപയോഗിച്ച് തങ്ങളുടെ മുഖങ്ങളും, മാറുകളും മാന്തിപ്പൊളിക്കുകയായിരുന്നു. ഇവർ ആരാണെന്ന് ഞാൻ ജിബ്രീൽ(അ)നോട് ചോദിച്ചപ്പോൾ പരദൂഷണം പറഞ്ഞുനടന്നിരുന്ന കൂട്ടരാണിവർ എന്നെനിക്കു ആ മലക്ക് മറുപടി നല്കി. (അബൂദാവൂദ്)

പരദൂഷണം പറയുന്നവൻ മാത്രമല്ല അതുകേട്ട് രസിയ്ക്കാൻ ഇഷ്ടപ്പെടുന്നവരും തെറ്റുകാരത്രെ. അതുകൊണ്ടാണ് ആരെങ്കിലും ഒരു സദസ്സിൽ പരദൂഷണം പറയുമ്പോൾ കേട്ടിരിക്കുന്നവർ അതിനെ തടയണമെന്നും അതിനു കഴിയുന്നില്ലെങ്കിൽ അവിടം വിട്ടു പോകണമെന്നും പറയുന്നത്.

ഇൻശാ അല്ലാഹ് ഈ വിഷയം ഞാൻ അടുത്ത വെള്ളിയാഴ്ച ഖുത്തുബായിൽ (2005 മാർച്ച് 11) തുടരുന്നതാണ്.

പരദൂഷണം പോലെ തോന്നുന്ന ചില സന്ദർഭങ്ങൾ ഉണ്ട്. പക്ഷേ, അവയെ പരദൂഷണമായി പരിഗണിയ്ക്കപ്പെടുന്നില്ല. അത്തരം സന്ദർഭങ്ങൾ ആറ് തരത്തിൽ തരം തിരിച്ചിരിക്കുന്നു. ഇവയ്ക്ക് മാത്രമാണ് ഒഴിവുകൾ നല്കിയിരിക്കുന്നത്.

അക്രമിയ്ക്കെതിരെ കോടതിയിൽ പരാതിപ്പെടുമ്പോഴൊ അല്ലെങ്കിൽ തന്നോട് അന്യായം കാട്ടിയതിനെതിരെ പരിഹാരം ആവശ്യപ്പെട്ട അധികാരികളെ സമീപിപ്പിക്കുമ്പോഴൊ-ഇത്തരം സന്ദർഭങ്ങളിൽ ഒരാൾ പറയുന്നത് പരദൂഷണമായി കണക്കാക്കുന്നില്ല. തിരുനബി(സ)യുടെ സന്നിധിയിൽ സ്ത്രീകൾ വരികയും, തങ്ങൾക്ക് ജീവിതായോധനത്തിനുള്ള വക കണ്ടെത്തിത്തരാത്ത ഭർത്താക്കന്മാരെ പറ്റി പരാതി പറയുകയും ചെയ്തിരുന്നു. തിരുനബി(സ)അവരുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി അവ (അവരുടെ പരാതികൾ) സ്വീകരിച്ചിരുന്നു. ഇവ പരദൂഷണമായി കണക്കാക്കിയിരുന്നില്ല.

മറ്റൊരാളെ നന്നാക്കണം എന്ന ഉദ്ദേശ്യത്തിലോ, നന്നാകാനുള്ള അവസരമൊരുക്കാനോ വേണ്ടി ഒരാളുടെ മോശം പെരുമാറ്റത്തെ

ക്കുറിച്ച് മറ്റുള്ളവർക്ക് അറിവു നല്കുന്നത്. ഉദാഹരണമായി പറയുകയാണെങ്കിൽ, കുടുംബത്തിലെ ഒരാളുടെ പ്രവൃത്തിയെക്കുറിച്ച് മുതിർന്നവരോട് പറയുന്നത്, അല്ലെങ്കിൽ സമുദായത്തിലെ ഉത്തരവാദിത്തപ്പെട്ടവരോട് പറയുന്നത്. (ഇതും പരദൂഷണത്തിൽ പെടുന്നില്ല)

മതപാണ്ഡിത്യം ഉള്ള ഒരു വ്യക്തിയിൽ നിന്നോ, മുഫ്തി, മൗലവി തുടങ്ങിയവരിൽ നിന്നോ നിയമസംബന്ധമായ ഉപദേശം ലഭിക്കുന്നതിനു വേണ്ടി സമീപിക്കുന്ന വേളയിൽ, ഇവയൊന്നും തന്നെ പരദൂഷണത്തിന്റെ പരിധിയിൽ വരുന്നില്ല.

അക്രമകാരികളായ ആളുകളെപറ്റി അറിവു നല്കാൻ, അങ്ങനെ അവർ ഇവരുടെ അക്രമത്തിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ വേണ്ടിയുള്ള സന്ദർഭങ്ങളിൽ അതുപോലെ ബിസിനസിൽ പങ്കാളിയാക്കാനുദ്ദേശിക്കുന്ന ആളെപ്പറ്റി അന്വേഷിക്കുന്ന വേളയിൽ അദ്ദേഹത്തെപ്പറ്റിയുള്ള സത്യം തുറന്നു പറയുന്നത്; ഒരാൾ വാങ്ങാനുദ്ദേശിക്കുന്ന വീടിന്റെ ചുറ്റുപാടിനെപറ്റി അറിയാൻ ശ്രമിക്കുമ്പോൾ, വിവാഹം കഴിക്കാൻ വേണ്ടിയുള്ള അന്വേഷണത്തിൽ- ഇത്തരം സന്ദർഭങ്ങളിലൊന്നും സംസാരം പരദൂഷണപരിധിയിൽ വരുന്നില്ല. ഇതു സംബന്ധിച്ച് പറഞ്ഞപ്പോൾ തിരുനബി(സ)യുടെ കാലത്തുണ്ടായ രസകരമായ സംഭവം കൂടി വിവരിക്കാം. ഫാത്തിമ എന്നു പേരുള്ള സ്ത്രീ തിരുനബി(സ)യുടെ അരികിലെത്തി. മുആഖിയ, അബൂജഹം എന്നീ രണ്ടു പുരുഷന്മാരെ പറ്റി അഭിപ്രായമാരാഞ്ഞു. അവർ രണ്ടുപേരും ഈ സ്ത്രീയെ വിവാഹം കഴിയ്ക്കുവാൻ താത്പര്യം അറിയിച്ചിരുന്നുവത്രേ.

തിരുനബി(സ)ഇപ്രകാരം മറുപടി നല്കിയതായി കാണുന്നു.

മുആഖിയ ഒരു ദരിദ്രൻ ആണ്. അബൂജഹം ഭാര്യമാരെ തല്ലുന്നതിൽ കുപ്രസിദ്ധി നേടിയവനും. ആ സ്ത്രീയെ സംബന്ധിച്ച് അവർക്കൊരു സുപ്രധാന തീരുമാനം എടുക്കേണ്ട ഘട്ടമായിരുന്നു. അതിനാൽ തിരുനബി(സ) ഉള്ള സത്യം അങ്ങ് തുറന്നു പറഞ്ഞു.

പൊതുജന മധ്യേ അല്ലാഹുവിന്റെ കല്പനകളെ വെല്ലുവിളിക്കുന്നവർക്കെതിരേ, അല്ലാഹുവിനെ കല്പനകളെ ലംഘിക്കുന്നവർക്കെതിരെ, ജനങ്ങൾക്കെതിരെ അക്രമം ചെയ്യുന്നവർക്കെതിരെ ആളുകളെ

ഉപദ്രവിക്കുന്നവർക്കെതിരേ, പറയുന്നവ പരദൂഷണപരിധിയിൽ വരില്ല.അവരെ അടക്കിനിർത്താനോ, ആൾക്കാരുമായി നേർക്കുനേർ സംസാരിക്കുന്നതിനോ ഉള്ള അവസരം ഒരുക്കുകയാണ് ഇതുവഴി ഉണ്ടാവുന്നത്.

കേൾക്കുമ്പോൾ ആരോചകമായി തോന്നുന്ന-എന്നാൽ ചില ശീലങ്ങൾ ഉള്ള ആൾക്കാരെ സൂചിപ്പിക്കുന്നതിന് സാധാരണ ഉപയോഗിക്കുന്ന-പദങ്ങൾ-ഉദാഹരണത്തിന്, കള്ളക്കടത്തുകാരൻ, കപടവിശ്വാസി, ഗൂഢാലോചകൻ, മുഖസ്തുതിക്കാരൻ തുടങ്ങിയവ-ഉപയോഗിക്കുന്നത് പരദൂഷണമായി കാണുന്നില്ല.

അത്യന്തികമായി പറയുകയാണെങ്കിൽ ഒരു സംഭവം പരദൂഷണമാണോ അല്ലയോ എന്ന് നിശ്ചയിക്കുന്നത് അത് പറയുന്ന സന്ദർഭം, അതിന്റെ ആവശ്യകത, ആ സംഭവത്തിന്റെ തീവ്രത തുടങ്ങിയവ കണക്കിലെടുത്താണ്. ഉദാഹരണമായി പറഞ്ഞാൽ, ഒരു നല്ല കാര്യത്തിനായി, നമ്മൾ വെളിപ്പെടുത്തുന്നവ പരദൂഷണമാണെന്നു തോന്നുമെങ്കിലും അത് അങ്ങനെയല്ല. അതാണ് തിരുനബി(സ)യുടെ ഹദീസ് നമ്മെ പഠിപ്പിക്കുന്നതും.

ഒരു മുസ്ലിമിനു നേരിടേണ്ടി വരുന്ന ഏറ്റവും ഭീകരമായ ആക്രമണം, തക്കതായ ഒരു കാരണവുമില്ലാതെ മറ്റൊരുവ്യക്തി അയാളുടെ അന്തസ്സിന്മേൽ കടന്നുകയറുന്നതാണ്.(അബൂദാവൂദ്)

അൽഹുജുറാത്തിലെ മൂന്ന് സൂക്തങ്ങൾ പഠനവിധേയമാക്കുമ്പോൾ, നമുക്ക് വ്യക്തമാകുന്ന കാര്യം ഇതാണ്. ഇസ്ലാം മാനവസമൂഹത്തിന്റെ പദവി ഉയർത്തുക മാത്രമല്ല, അവർക്ക് അവരുടെ മാത്രം (അന്തസ്സ്) കാത്തുസൂക്ഷിക്കുന്നതിനുള്ള ചില മാനദണ്ഡങ്ങൾ കൂടി സുരക്ഷാകവചമായി നല്കുന്നുണ്ട് എന്നുമുള്ളതാണ് അത്. സത്യത്തിൽ, ധാർമ്മിക മൂല്യച്യുതിയുള്ള ഒരു സമൂഹത്തിൽ, ഇസ്ലാമിന്റെ ഒരു ആധികാരികാന്തരീക്ഷം ഫലവത്താക്കിയെടുക്കുക എന്നത് ബുദ്ധിമുട്ടേറിയ സംഗതിയാണ്. സൂക്തം 11ന്റെ പൂർത്തീകരണം സൂക്തം 13ൽ ആണ്. രണ്ടും തഖ്‌വ (ദൈവഭയം) നേടുന്നതിനു വേണ്ടിയുള്ള-ഏറ്റവും പ്രാധാന്യമർഹിക്കുന്ന-അർത്ഥനയിലാണ് അവസാനിക്കുന്നത്. ആ അർത്ഥന (ദൈവത്തെ ഭയപ്പെടുക ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നുമാണ്. തഖ്‌വ് (അല്ലാഹുവിനെ ഭയപ്പെ

ടുക)ക്കൊണ്ടുള്ള നേട്ടം തഖ്‌വയുള്ള ഒരു വിശ്വാസി ഒരിയ്ക്കലും സൂക്തം-3ൽ സൂചിപ്പിച്ച തരത്തിലുള്ള യാതൊരുവിധ മോശം പ്രവർത്തികളിലും ചെന്ന് പെടില്ല. നമ്മുടെ പ്രവൃത്തികൾ അല്ലാഹു കാണുന്നുണ്ട് എന്ന ആ ഒരൊറ്റവിചാരം. ആജീവനാന്തം, അത്തരം പ്രവൃത്തികളുടെ പരിണിതഫലത്തെ ഓർമ്മിപ്പിക്കുകയും, അങ്ങനെ അത്തരം പ്രവർത്തനങ്ങൾക്കടിമപ്പെടുന്നതിൽ നിന്നും അകറ്റി നിർത്തുകയും ചെയ്യും. 13-ാംസൂക്തത്തിലെ അവസാന വരികൾ കാണിക്കുന്നത് അല്ലാഹു പശ്ചാത്തപിച്ചു മടങ്ങുന്നവരുടെ പശ്ചാത്താപം സ്വീകരിക്കുകയും അവർക്ക് പൊറുത്തുകൊടുക്കുകയും ചെയ്യുന്നു എന്നാണ്.

ഇത് മനസ്സിന്റെ എടുത്തുചാട്ടം കൊണ്ടോ, പൈശാചിക പ്രവണതകളുടെ പ്രേരണയാലോ മേൽ പറഞ്ഞവയിൽ ഒന്നോ, അതിലധികമോ തെറ്റായ പ്രവൃത്തികൾ ചെയ്തുപോയ മുസ്ലിംകൾക്ക് ശുഭ പ്രതീക്ഷ നല്കുന്ന ഒന്നാണ്. പശ്ചാത്തപിച്ചു മടങ്ങുന്നവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുകയും, അവന്റെ പക്കൽ നിന്നുള്ള അളവറ്റ കരുണ അവരിൽ ചൊരിയുകയും ചെയ്യും. അല്ലാഹുവിന്റെ തവ്വാബ് എന്ന സവിശേഷത അവൻ ധാരാളമായി-പിന്നെയും, പിന്നെയും-പൊറുത്തു കൊടുക്കുവാൻ തയ്യാറായിട്ടുള്ളവൻ എന്നത്രെ. പശ്ചാത്തപിച്ചു മടങ്ങുന്നത് ആത്മാർത്ഥതയുടെയും, നേർമാർഗ്ഗത്തിൽ ചരിക്കും എന്ന ഉറച്ചവിശ്വാസത്തോടെയും ആയിരിക്കണം എന്നുമാത്രം. അങ്ങനെയുള്ള ഭക്തദാസന്മാരെ, അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുക മാത്രമല്ല, ആത്മീയ നിലവാരത്തിൽ അത്യുന്നതങ്ങളിലേക്ക് ഉയർത്തുകയും, അത്തരം ഭക്തദാസന്മാരെ അല്ലാഹു തന്റെ അനന്തമായ കാരുണ്യഭണ്ഡാരത്തിൽ നിന്നും അളവറ്റ അനുഗ്രഹങ്ങൾ നല്കുകയും ചെയ്യും. ഇൻശാ അല്ലാഹ്


പ്രീയ സഹോദരന്മാരെ, സഹോദരിമാരെ, നിങ്ങൾ ഒരോരുത്തരും ഈ സന്ദേശത്തെ ആഴത്തിൽ മനസ്സിലാക്കുമെന്നും, പരദൂഷണം അല്ലാഹുവിന്റെ സന്നിധിയിൽ ഏറ്റവും മ്ലേഛമായ പാപമായി കണക്കാക്കുന്ന ഒന്നാണെന്നും, അത് ഒരു വിശ്വാസിയുടെ ഈമാൻ തന്നെ ഇല്ലാതാക്കുന്നതാണെന്നും നിങ്ങൾ തിരിച്ചറിഞ്ഞുവെന്നും, ഞാൻ വിചാരിക്കുകയാണ്. ഈ പറഞ്ഞ എല്ലാ മോശം സ്വഭാവങ്ങളും ഉട

ലെടുക്കുന്നത് ഊഹങ്ങളിൽ/സംശയങ്ങളിൽ നിന്നുമാണ്. അതുകൊണ്ടാണ് അല്ലാഹു ഊഹിക്കുന്നത് വിലക്കിയിരിക്കുന്നത് അത് തെറ്റായധാരണകളിലേക്ക് നമ്മെ നയിക്കും. കാരണം ചില സന്ദർഭങ്ങളിൽ ഊഹം പാപമായി വരുന്നു. അഹ്മദിയ്യ അസ്സോസിയേഷനിലെ അംഗങ്ങൾ നമ്മെപ്പറ്റി ഊഹാപോഹങ്ങൾ പ്രചരിപ്പിക്കാതിരുന്നെങ്കിൽ, അല്ലാഹുവിൽ നിന്നും വരുന്ന സന്ദേശങ്ങളെ സ്വീകരിച്ചിരുന്നെങ്കിൽ, അവർ നമ്മുടെ വാക്കുകളെയും, നമ്മുടെ സത്യവും, ആത്മാർത്ഥതയും തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ, നമ്മോടൊപ്പം താമസിക്കുകയും, നമ്മുടെ ജീവിതരീതികളും, പെരുമാറ്റവും നിരീക്ഷിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അവർ ഒരിയ്ക്കലും പരദൂഷണം ചെയ്യുമായിരുന്നില്ല. പക്ഷേ, അവർ അല്ലാഹുവിന്റെ കല്പനകൾക്ക് പകരം ഊഹത്തെ പിന്തുടരുകയാണ് ചെയ്തത്. ആ വിലക്ക് അവർ പാലിച്ചില്ല. ഫലമോ അല്ലാഹു അവരിൽ-അവരുടെ കർമ്മങ്ങളിൽ തൃപ്തിപ്പെട്ടില്ല. അതിനെക്കാളൊക്കെ ഉപരിയായി, വെളിപാടുകൾ, അവർക്ക് നമ്മെ, കളിയാക്കുന്നതിനുള്ള ഉപാധിയായി മാറി. ഇവിടെയെല്ലാം തന്നെ ഊഹിയ്ക്കൽ നടത്തുകയാണ് അവർ ചെയ്തത്. അവർ കുതന്ത്രങ്ങൾ മെനഞ്ഞ് എന്നെ അപമാനിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു. എനിക്കെതിരിൽ ആരോപണങ്ങൾ കെട്ടിച്ചമച്ച് അവരിൽ ചിലർ കളിയാക്കലിന്റെ പാരമ്യതയിൽ നമുക്ക് ഒരു മാർഗദർശി ഇല്ലെന്നും, ആയതിനാൽ ആലിബാബയെ പിന്തുടരുകയാണ് എന്നുവരെ പറഞ്ഞുണ്ടാക്കുകയും ചെയ്തു. അവർ നമ്മളെപറ്റി പറഞ്ഞുണ്ടാക്കിയത് എന്തൊക്കെയാണ് എന്ന് നിങ്ങൾ സ്വയമൊന്ന് ചിന്തിച്ച് വിലയിരുത്തി നോക്കുക. അവർ ഊഹങ്ങളിൽ നിന്നും തങ്ങളെ സംരക്ഷിച്ചിരുന്നുവെങ്കിൽ, കള്ളത്തിന്റെ ശാപക്കുഴിയിൽപെട്ടു പോകില്ലായിരുന്നു. അവർ ഈ വൻ ശിക്ഷയിൽ നിന്നും രക്ഷപ്പെട്ടേനെ!

ആത്മാർത്ഥമായി നിങ്ങളോട് ഞാൻ പറയുകയാണ്. അന്തമില്ലാത്ത ചർച്ചകളും, സംശയങ്ങളും, ഊഹങ്ങളുമെല്ലാം ഒരു വിശ്വാസിയുടെ ഈമാൻ നശിപ്പിക്കുന്ന വൻശാപങ്ങളാണ്. അത് സത്യമാർഗ്ഗത്തിൽ നിന്നും ഒരാളെ വ്യതിചലിപ്പിക്കുന്നു. അവ സുഹൃത്തുക്കളെ ശത്രുക്കളാക്കുന്നു. സത്യത്തിന്റെ ദിവ്യശോഭ ലഭിക്കണമെന്ന് നിങ്ങൾ

ആത്മർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ ഈ അന്തംവിട്ട ചർച്ചകളിലും, സംശയങ്ങളിലും, ഊഹങ്ങളിലും നിന്ന് സ്വയം അകന്നു നില്ക്കുക. ഒരു കടുകുമണിയോളം സംശയമെങ്കിലും നിങ്ങളുടെ ഹൃദയങ്ങളിൽ വന്നുപോയിട്ടുണ്ടെങ്കിൽ, അല്ലാഹുവോട് പൊറുമയെത്തേടുക. അങ്ങനെ അതിന്റെ ദുരന്തങ്ങളിൽ നിന്നും അല്ലാഹു നിങ്ങളെ രക്ഷിക്കുവാനായി!

ചുരുക്കിപ്പറഞ്ഞാൽ, പരദൂഷണം, ഊഹങ്ങൾ, സന്ദേഹങ്ങൾ തുടങ്ങിയവയെല്ലാം മോശം കാര്യങ്ങളാകുന്നു. ഇതൊരു നിസ്സാരകാര്യമാക്കി എടുക്കരുത്. ഒരു വ്യക്തിയെ നശിപ്പിക്കുന്ന അപകടകരമായ ഒന്നാണ് ഇത്. ഇവയെല്ലാം തന്നെ മനുഷ്യരെ നശിപ്പിക്കും എന്നത് സുവ്യക്തം. ഇത്തരം പ്രവൃത്തികളിലേർപ്പെടുന്നവരെ അല്ലാഹു നരകശിക്ഷയ്ക്ക് വിധേരയരാക്കും എന്ന് ഖുർആനിൽ വിശദമാക്കിയിരിക്കുന്നു. അവൻ നിങ്ങൾ എന്നെക്കുറിച്ച് ഊഹങ്ങളിലായിരുന്നു എന്ന് അവരോട് പറയും. അതിനാൽ ഇതെപ്പോഴും ഓർമ്മയിൽ സൂക്ഷിക്കുക. നരകശിക്ഷയിൽ നിന്നും അകന്നു നില്ക്കുക. ഇതൊരു ചെറിയ കാര്യം എന്ന രീതിയിൽ ഇതിനെ ലാഘവത്തോടെ കാണാതിരിക്കുക. ഇവയെല്ലാം നമ്മുടെ ഉള്ളിൽ നിരാശസൃഷ്ടിക്കുകയും, അത് ക്രമേണ നരകശിക്ഷ ലഭിക്കാതാകുന്ന കുറ്റകൃത്യങ്ങൾ ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യും. ഊഹങ്ങൾ യഥാർത്ഥ സത്യത്തെ നശിപ്പിക്കുന്ന കൊടിയ വിഷമത്രേ. അതിനാൽ അവയിൽ നിന്നും നിങ്ങൾ ദൂരപ്പെട്ടു നില്ക്കുക. പ്രാർത്ഥനയിൽ രക്ഷ നേടുക. അങ്ങനെ യഥാർത്ഥ സത്യം തിരിച്ചറിഞ്ഞ വിജയശ്രീലാളിതരായി നാം മാറട്ടെ, ഇൻശാ അല്ലാഹ് ആമീൻ.



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*